TB Movie Panel Weekly Review

**#moviepanel**

കനകം, കാമിനി, കലഹം:

Written By: Lijo Rachel George

സാധാരണ ഗതിയിൽ, അതായത്,തീയേറ്റർ റിലീസ് ആയിരുന്നുവെങ്കിൽ, 'ഓ!പൊട്ട പടം' എന്ന രീതിയിൽ കരുതാനും,അതുകൊണ്ട് തന്നെ തിയേറ്ററിൽ പോയി പടം കാണാതിരിക്കാനും ഒരുപാട് സാധ്യതയുള്ള ഒരു ചിത്രമാണ്, രതീഷ് ബാലകൃഷ്ണൻ പൊതുവാൾ സംവിധാനം ചെയ്ത 'കനകം, കാമിനി, കലഹം'. ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ വേർഷൻ 5.25 സംവിധായകൻ കൂടിയായ രതീഷിന്റെ രണ്ടാമത്തെ സിനിമയാണ് ഇത്.കോമഡി ഴോണറിൽ (genre) വരുന്ന ചിത്രത്തിന്റെ നിർമ്മാണം, ഇതിലെ പ്രധാന അഭിനേതാക്കളിൽ ഒരാളും കൂടിയായ നിവിൻ പോളിയാണ്.Pauly Jr. പിക്ചേഴ്സിന്റെ ബാനറിലാണ് ഈ ചലച്ചിത്രം നിർമ്മിച്ചിരിക്കുന്നത്. നിവിൻ പോളിയും വിനയ് ഫോർട്ടും ഗ്രേസ് ആന്റണിയും നായികാ നായകന്മാരാകുന്ന ചിത്രത്തിൽ സുധീഷ്, ജാഫർ ഇടുക്കി, ജോയ് മാത്യു, വിൻസി അലോഷ്യസ് തുടങ്ങിയവരും പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു.കോവിഡ് പശ്ചാത്തലത്തിൽ,വെറും 19 ദിവസം കൊണ്ടു ചിത്രീകരിച്ച ഈ ചലച്ചിത്രം,Disney+Hotstar എന്ന OTT പ്ലാറ്റ്ഫോമിൽ 2021 നവംബർ 12 നാണ് റിലീസ് ആയത്. ഹോട്ട്സ്റ്റാർ പ്ലാറ്റ്ഫോമിൽ റിലീസാകുന്ന ആദ്യത്തെ മലയാള ചലച്ചിത്രവും കൂടിയാണ് ഇത്.അതുകൊണ്ട് കൂടിയും ഒരുപാട് വിമർശനം ഏല്ക്കേണ്ടി വന്ന സിനിമ കൂടിയാണ് ഇത്.ഹുലു എന്ന ഓടിടി പ്ലാറ്റ്ഫോമിലും ഈ ചിത്രം ലഭ്യമാണ്.

നമ്മുടെ ചുറ്റുപാടും നടക്കുന്ന കാര്യങ്ങളെയും, ആളുകളുടെ മനോഭാവത്തെയും, സമൂഹത്തിലെ ചില കള്ളത്തരങ്ങളെയും ഒരു ആക്ഷേപഹാസ്യ രൂപേണ ഈ ചലച്ചിത്രം നമുക്ക് കാട്ടിത്തരുന്നു.ഒപ്പം തന്നെ കുടുംബ ബന്ധങ്ങളിൽ
ഭാര്യയ്ക്കും ഭർത്താവിനും അല്ലെങ്കിൽ കാമുകിയ്ക്കും കാമുകനും ഇടയിലുള്ള താൽപര്യങ്ങളുടെ വ്യത്യാസം, പരസ്പര ധാരണയിലെ പ്രശ്നങ്ങൾ എന്നിവയിലേക്കും സിനിമ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.കനകവും കാമിനിയും അല്ലെങ്കിൽ സ്വർണ്ണവും പ്രണയിനിയും അഥവാ പെണ്ണും മൂലം ചിലരുടെ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളാണ് സിനിമ നമുക്ക് കാണിച്ചു തരുന്നത്. അങ്ങനെയാണ് ഈ ചിത്രത്തിന്റെ പേര് കഥയ്ക്ക് അന്വർത്ഥമാകുന്നതും.

ഭർത്താവിനൊപ്പം യാത്ര പോകുന്നതും ഭർത്താവിൽനിന്നും ഇടയ്ക്കിടയ്ക്ക് സ്വർണാഭരണങ്ങളും മറ്റ് വിലപിടിപ്പുള്ള സമ്മാനങ്ങളും

ആഗ്രഹിക്കുന്ന, എന്നാൽ ഇതുവരെ അതൊന്നും ഒരിക്കൽ പോലും നടന്നിട്ടില്ലാത്തതിലും തന്റെ പഴയ തൊഴിലായ സീരിയൽ അഭിനയം കല്യാണം മൂലം നിർത്തേണ്ടി വന്നതിലും നിരാശപ്പെട്ടു, പരാതിയുമായി കഴിയുന്ന
ഭാര്യയായ ഹരിപ്രിയയും (ഗ്രേസ് ആന്റണി) മുൻപ് ജൂനിയർ ആർട്ടിസ്റ്റായി തൊഴിൽ ചെയ്തിരുന്നതും എന്നാൽ, താൻ ഭയങ്കര കഴിവുള്ള കലാകാരനാണ് എന്നുള്ള ചിന്ത മൂലം, ഭാര്യവീട്ടുകാർ സ്ത്രീധനമായി കൊടുത്ത, നാട്ടിൻ പുറത്തെ ചെറിയ ഹോട്ടൽ, നേരെചൊവ്വേ നടത്തി കൊണ്ടു പോകാതെ, അതിന്റെ ഒരു ഭാഗത്തു ഒരു കർട്ടനും കുറച്ച് കസേരയും കൊണ്ടിട്ട് രണ്ട് സുഹൃത്തുക്കളെ 'ശിഷ്യരായും' ഇരുത്തി തന്റെ സ്വപ്നമായ ആക്ടിങ് യൂണിവേഴ്സിറ്റി 'യാഥാർത്ഥ്യമാക്കുന്ന', നായകനായി അഭിനയിക്കാനുള്ള മോഹം കാരണം ജൂനിയർ ആർട്ടിസ്റ്റ് വേഷങ്ങൾ ചെയ്യാൻ തയ്യാറല്ലാത്ത, മറ്റു തൊഴിലുകളോ പ്രത്യേകിച്ചെന്തെങ്കിലും വരുമാന മാർഗങ്ങളോ നയാപൈസ വരുമാനവുമില്ലാത്ത ഭർത്താവ് പവിത്രനും (നിവിൻ പോളി) രണ്ടാളെയും സമാധാനിപ്പിച്ചു പ്രശ്നം 'പരിഹരിച്ചു ഒരു വഴിയാക്കി' കൊടുക്കുന്ന രണ്ട് പേരുടെയും പൊതു സുഹൃത്തും പവിത്രനെ നായകനാക്കാം എന്ന് വാക്ക് കൊടുത്തു പറ്റിക്കുന്ന പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ശിവകുമാറും (സുധീഷ്) ഒക്കെ ചേർന്നാണ് സിനിമയുടെ കഥ കൊണ്ടു പോകുന്നത്.

തന്റെ മുത്തശ്ശി പണ്ടെന്നോ സമ്മാനം കൊടുത്തതും, പവിത്രൻ, ഭാര്യയോട് പറയാതെ പണ്ടേ വിറ്റു കഴിഞ്ഞതുമായ, സ്വർണ്ണ കമ്മലിനെ പറ്റി ഇടയ്ക്കിടയ്ക്ക് ഹരിപ്രിയ അന്വേഷിക്കുന്നത് വകവെയ്ക്കാതെ തള്ളിക്കളയുന്ന പവിത്രൻ ഒടുവിൽ Plan B തിരഞ്ഞെടുക്കുന്നു.അതിനായി ഒരു one ഗ്രാം ജ്വല്ലറിയിൽ നിന്നും പുതിയ കമ്മൽ വാങ്ങി, പണ്ട് മുത്തശ്ശി കൊടുത്ത അതേ സ്വർണ്ണക്കമ്മൽ എന്ന് പറഞ്ഞു ഹരിപ്രിയയ്ക്ക് കൊണ്ടു കൊടുക്കുന്നു. ഹരിപ്രിയ brother എന്ന് വിളിക്കുന്ന ഇവരുടെ മറ്റൊരു സുഹൃത്ത് കമ്മൽ പണയം വെയ്ക്കാൻ ചോദിക്കുകയും അടുത്ത ദിവസം കൊടുക്കാമെന്നു ഹരിപ്രിയ ഏല്ക്കുകയും ചെയ്യുന്നതോടെ അതിൽ നിന്ന് രക്ഷപെടാൻ, യാത്ര പോകാനുള്ള ഹരിപ്രിയയുടെ ആഗ്രഹം നടപ്പാക്കാൻ പവിത്രൻ അടുത്ത ഉഡായിപ്പ് എടുക്കുന്നതുമാണ് കഥയെ മുന്നോട്ട് നയിക്കുന്നത്.ചുരുക്കത്തിൽ, ഹരിപ്രിയ എന്ന കഥാപാത്രവും, കാമുകന്റെ അവസ്ഥ മനസ്സിലാക്കാൻ അല്പം പോലും മനസ്സ് കാണിക്കാത്ത, ശബ്ദ സാന്നിധ്യം മാത്രമായ കാമുകിയും ഒഴിച്ച്, ഉഡായിപ്പുകളുടെ ഒരു ഘോഷയാത്രയാണ് ഈ സിനിമ എന്നും പറയാവുന്നതാണ്.

ഒരു ചെറിയ പ്രശ്നം എങ്ങനെയാണ്, ആളുകൾ ആളിക്കത്തിച്ചു വലിയൊരു മഹാസംഭവം ആക്കുന്നതെന്നും, ഒരു കഥ ഒരാള് പറഞ്ഞാൽ അടുത്തയാൾ അത് മറ്റൊരാളോട് പറയുമ്പോൾ എങ്ങനെ ആയി തീരുന്നു എന്നും, ഒരു കൂട്ടം ആളുകളുടെ വിഭിന്ന രീതിയിലുള്ള സ്വഭാവവും, ഒരേ വിഷയത്തോട് പല രീതിയിലുള്ള മനോഭാവവുമെല്ലാം ചെറിയൊരു

സംഭവത്തിലൂടെ സിനിമ നമ്മൾക്ക് കാണിച്ചു തരുന്നു.മൂന്ന് മാസമായി ശമ്പളം കിട്ടാത്ത ഉദ്യോഗസ്ഥരോട്, അടുത്തൊന്നും ശമ്പള കുടിശ്ശിക തീർക്കാൻ പോയിട്ട്, മുന്നോട്ടു ശമ്പളം കൊടുക്കാനുള്ള വകുപ്പൊന്നും മുന്നിലില്ലെങ്കിലും, വരുന്ന customers നോട് 'attitude' കാണിച്ചിരിക്കണം എന്ന് നിർബന്ധം പിടിയ്ക്കുന്ന ഒരു മുതലാളിയുടെ business തന്ത്രവും സ്റ്റാഫിന്റെ സംസാരത്തിലൂടെ ഈ സിനിമ നമുക്ക് വ്യംഗ്യമാക്കി തരുന്നുണ്ട്; ആ ഉദ്യോഗസ്ഥരാകട്ടെ, അതക്ഷരം പ്രതി അനുസരിക്കുന്നുമുണ്ട്. ആളുകളുടെ ജീവിത ചുറ്റുപാടുകൾ അവരെ കൊണ്ടെത്തിക്കുന്ന അവസ്ഥകളാണ് നമുക്കിവിടെ ചേർത്ത് വായിക്കാവുന്നത് എന്ന് തോന്നി.അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ലാത്തത് പോരാഞ്ഞിട്ട്, അതൊക്കെ നന്നാക്കാനുള്ള വകുപ്പൊന്നും ഇല്ലെങ്കിലും , അതേപ്പറ്റി, താമസക്കാർ പരാതി പറയുമ്പോഴെല്ലാം, 'ഇപ്പൊ ശരിയാക്കി തരാം' എന്ന രീതിയിൽ നല്ല സൗമ്യമായ രീതിയിൽ, ഭംഗി വർത്തമാനം പറയുന്ന തൊഴിലാളികളെയും, ആക്ഷേപ ഹാസ്യത്തിലൂടെ സംവിധായകൻ നമ്മളെ ഓർമിപ്പിക്കുന്നു.

ഒരു ബുദ്ധിജീവി ഡോക്യുമെന്ററി പോലെയോ മോറൽ സയൻസ് ക്ലാസ്സ് രീതിയിലേക്കോ ഒന്നും പ്രേക്ഷകരെ കൊണ്ടുപോകാതെ ഒരു lighter comedy രീതിയിൽ,കൂടുതലായും ആക്ഷേപഹാസ്യം അല്ലെങ്കിൽ satirical comedy വിഭാഗത്തിൽ വരുന്ന ഈ ചലച്ചിത്രത്തെ, ചിന്തോദ്ദീപകമായ ഒരു കോമഡി ചിത്രമായി, പ്രേക്ഷകന് മുമ്പിൽ അവതരിപ്പിക്കുന്നതിൽ, സംവിധായകൻ വിജയിച്ചിട്ടുണ്ട് എന്ന് പറയാം.അതുപോലെതന്നെ, over acting വേണ്ടയിടത്ത്, അത് പ്രതിഫലിപ്പിക്കുവാനും സീരിയസായി കാര്യം പറഞ്ഞ് കോമഡി impact ഉണ്ടാക്കിയുമൊക്കെ അവരവർക്ക് കിട്ടിയ റോളുകൾ, പ്രധാന അഭിനേതാക്കൾ എല്ലാവരും തന്നെ, നന്നായി അവതരിപ്പിച്ചിട്ടുണ്ട്. കോമഡി എഫക്ട് നായക കഥാപാത്രത്തിന് നല്കുന്നതിൽ, വസ്ത്രാലങ്കാരവും make up ചെയ്തവർക്കും സാധിച്ചിട്ടുമുണ്ട്.Trailer ലെ ആ ഒരു ലുക്കും dialogues ഉം നേരത്തെ പറഞ്ഞ 'പൊട്ടപ്പടം' ഇമേജിന് കാരണമാണെന്ന് കരുതാം.

അങ്ങനെ മൊത്തത്തിൽ, ഒരേ സമയം, സമൂഹത്തിൽ നടക്കുന്ന ഒരുപാട് കാര്യങ്ങൾ പ്രേക്ഷകനെ ഓർമിപ്പിച്ച, ആവറേജ് നിലവാരം പുലർത്തിയ ഒരു comedy entertainer ആയിരുന്നു 'കനകം, കാമിനി, കലഹം.'